# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 267 10.12.2018-ൽ മറുപടിക്ക്**

**ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ മലയാള പരിഭാഷ**

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.എം. സ്വരാജ്<br>ശ്രീ. പി.കെ. ശശി<br>ശ്രീ.കാരാട്ട് റസാഖ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം പാഠപുസ്തകങ്ങളാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളതെന്നും വിദ്യാർത്ഥികൾക്ക് ഇത് എപ്രകാരമെല്ലാം പ്രയോജനപ്രദമാകുമെന്നും വ്യക്തമാക്കാമോ; | (ബി) ശാസ്ത്രവിഷയങ്ങളിലേയും മാനവിക വിഷയങ്ങളിലേയും വാണിജ്യ ശാസ്ത്രവിഷയങ്ങളിലേയും പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പരിഭാഷ പൂർത്തിയായ ടി 20 പാഠപുസ്തകങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. ടി പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. വിഷയങ്ങളിലെ അടിസ്ഥാന ആശയങ്ങൾ വളരെ നന്നായി ഗ്രഹിക്കുവാൻ മാതൃഭാഷയിലുള്ള പാഠപുസ്തകങ്ങൾ സഹായിക്കും. എളുപ്പത്തിൽ ആശയം ഗ്രഹിക്കാൻ കഴിയുന്ന വിധത്തിലാണ് പരിഭാഷകൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. സാങ്കേതിക പദങ്ങളും അവയുടെ മലയാള രൂപങ്ങളും ഗ്ലോസറിയായി എല്ലാ പാഠപുസ്തകങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. |

(മറുപുറം...)

| | | | |
|---|---|---|---|
| (സി) | പാഠപുസ്തകങ്ങൾ പരിഭാഷപ്പെടുത്തുന്നതോടൊപ്പം മലയാളത്തിൽ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട സാങ്കേതിക ശബ്ദാവലി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | സംസ്ഥാനത്ത് സി.ബി.എസ്.ഇ. അടക്കമുള്ള എല്ലാ സ്കൂളുകളും മലയാള ഭാഷാ പഠനം നിർബന്ധമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | മലയാള ഭാഷ പഠനചട്ടങ്ങൾ -2018, ചട്ടം 3(1) പ്രകാരം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാംതരം മുതൽ പത്താം തരം വരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിൽ മലയാള ഭാഷാ പഠനം നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് വിവിധതലങ്ങളിൽ വിശദമായ പരിശോധനാ സംവിധാനം ചട്ടങ്ങളിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മലയാളഭാഷാ പഠനത്തിനായി എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ പഠിപ്പിക്കുന്നുണ്ടെന്നും സമയക്രമം അനുസരിച്ച് പഠന നിലവാരം മൂല്യനിർണയം നടത്തുന്നുണ്ടെന്നും, ഉറപ്പുവരുത്തുന്നതിന് പരിശോധക സംഘത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2017-ലെ മലയാള ഭാഷാ പഠന ആക്ടിന്റെ 3-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ, പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃതം പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സി.ബി.എസ്.ഇ, സി.ഐ.എസ്.സി.ഇ തുടങ്ങിയ |

→

ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്കൂളുകളും, അൺ-എയ്ഡഡ് സ്കൂളുകളും മേൽപ്പറഞ്ഞ നിയമലംഘനം 3 തവണ നടത്തിയാൽ സ്കൂളിന്റെ അംഗീകാരം അല്ലെങ്കിൽ നിരാക്ഷേപപത്രം റദ്ദാക്കുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പരിശോധനാ സംവിധാനം കുറ്റമറ്റതാക്കി നടത്തുവാൻ വിശദമായ അറിയിപ്പുകൾ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുമുണ്ട്.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| | | |
|---|---|---|
| (1) | ഗണിതം | (രണ്ടാം വർഷം - ഭാഗം 1) |
| (2) | ഊർജതന്ത്രം | (രണ്ടാം വർഷം - ഭാഗം 1) |
| (3) | രസതന്ത്രം | (രണ്ടാം വർഷം - ഭാഗം 1) |
| (4) | കമ്പ്യൂട്ടർ സയൻസ് | (രണ്ടാം വർഷം - ഭാഗം 1) |
| (5) | ബയോളജി | (രണ്ടാം വർഷം ) |
| (6) | ഭൂവൈജ്ഞാനികം | (ഒന്നാം വർഷം) |
| (7) | തത്ത്വശാസ്ത്രം | (ഒന്നാം വർഷം) |
| (8) | സംഗീതം | (ഒന്നാം വർഷം) |
| (9) | ഗാന്ധിയൻ പഠനം | (ഒന്നാം വർഷം) |
| (10) | ബിസിനസ് സ്റ്റഡീസ് | (ഒന്നാം വർഷം) |
| (11) | ഹോം സയൻസ് | (ഒന്നാം വർഷം) |
| (12) | ഭൗതിക ഭൂമിശാസ്ത്രം: അടിസ്ഥാന ഘടകങ്ങൾ | (ഒന്നാം വർഷം ഭാഗം 1) |
| (13) | സമൂഹശാസ്ത്രത്തിന് ഒരു ആമുഖം | (ഒന്നാം വർഷം ഭാഗം 1) |
| (14) | സമൂഹത്തെ മനസ്സിലാക്കൽ | (ഒന്നാം വർഷം ഭാഗം 2) |
| (15) | അക്കൗണ്ടൻസി | (ഒന്നാം വർഷം ഭാഗം 1) |
| (16) | ജേർണലിസം | (ഒന്നാം വർഷം) |
| (17) | ആന്ത്രോപോളജി | (ഒന്നാം വർഷം) |
| (18) | ഇലക്ട്രോണിക്സ് | (ഒന്നാം വർഷം) |
| (19) | ഇസ്ലാമിക ചരിത്രവും സംസ്കാരവും | (ഒന്നാം വർഷം) |
| (20) | ഇന്ത്യൻ ഭരണഘടന പ്രവർത്തനത്തിൽ | (ഒന്നാം വർഷം ഭാഗം 1) |

Hinadini

സെക്ഷൻ ഓഫീസർ